പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI

(SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(FOOD, CIVIL SUPPLIES AND CO-OPERATION)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്.

(Under Rule 236(5) of the Rules of Procedure and Conduct of Business in the Keralam Legislative Assembly)

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

SECRETARIAT OF THE KERALAM LEGISLATURE

THIRUVANANTHAPURAM

2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI
(SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(FOOD, CIVIL SUPPLIES AND CO-OPERATION)

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	-	v
അവതാരിക	-	vii
റിപ്പോർട്ട്	-	1

സബ്ജക്ട് കമ്മിറ്റി XI

(ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

(2026-2028)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അനുപ് ജേക്കബ്,
ഭക്ഷ്യ – പൊതുവിതരണ വകുപ്പുമന്ത്രി

എക്സ് – ഒഫീഷ്യോ അംഗം :

ശ്രീ. എം. ലിജു,
സഹകരണ - എക്സൈസ് വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കല്ലട മാഹിൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കാരായി രാജൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. നാട്ടകം സുരേഷ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി.

ശ്രീ. വിജേഷ് ടി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ഉമാകൃഷ്ണൻ എം. പി., അണ്ടർ സെക്രട്ടറി.

അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 13.10.2026 ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അധ്യായത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അധ്യായത്തിൽ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

അനൂപ് ജേക്കബ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി XI.

തിരുവനന്തപുരം,
2026 ഒക്ടോബർ 28.

റിപ്പോർട്ട്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്

അധ്യായം – 1

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

ധനാഭ്യർത്ഥന XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ

ഖണ്ഡിക – 8

5475-00-800-80-04 -- മറ്റ് ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികൾ – ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

സംസ്ഥാനത്തെ ട്രഷറികളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പദ്ധതിയാണിത്. സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് ഭൂമി ലഭ്യമാക്കി അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, വകുപ്പിന്റെ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, മെച്ചപ്പെടുത്തലുകൾ ആവശ്യമായ കെട്ടിടങ്ങൾ നവീകരിക്കുക, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സാധ്യമാക്കുന്നതിനായി ഇടപാടുകാർക്ക് കുടിവെള്ളം, റാമ്പ്, ആധുനിക ഫർണിച്ചർ, ഫാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും

പുറപ്പെടുവിച്ചിട്ടുള്ള ഉടൻ നിർമ്മാണം ആരംഭിക്കുന്ന 18 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ നിർവഹണ ഏജൻസിയുമായി വകുപ്പ് ഏർപ്പെട്ടിട്ടുള്ള നിർമ്മാണ കരാർ പ്രകാരം കരാർ കാലാവധി 9 മാസമാണ്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുക 2025-26 സാമ്പത്തിക വർഷം തന്നെ നൽകേണ്ടതായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 5475-00-800-80-04-PV ശീർഷകത്തിൽ 4,30,43,000/- രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി XI-ന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ 6.00 കോടി രൂപ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ആകെ അനുവദിച്ച വിഹിതം 10,30,43,000/- രൂപയാണ്.

ടി തുക വിനിയോഗിച്ച് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി 16 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം 2025-26 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുകയും പൂയപ്പള്ളി, മുണ്ടക്കയം, കല്ലൂർക്കാട്, കരിമണ്ണൂർ, മെഡിക്കൽ കോളേജ് സബ് ട്രഷറി (തൃശ്ശൂർ), കുന്നംകുളം, ചാലക്കുടി, കൊയിലാണ്ടി, ഹോസ്ദുർഗ്, നിലമ്പൂർ, എടക്കര എന്നീ 11 ട്രഷറി കെട്ടിടങ്ങളുടെ ഉദ്ഘാടനം 2026 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുകയും കൂടാതെ ചെറുപുഴ, കൊളച്ചേരി, കായംകുളം, എടത്വ, മാലക്കല്ല് എന്നീ 5 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലെത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ഇതിനു പുറമേ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ അഞ്ചാം ഘട്ടത്തിൽ, എഞ്ചിനീയറിംഗ് കോളേജ് സബ് ട്രഷറി (തിരുവനന്തപുരം), ജില്ലാ ട്രഷറി ഇടുക്കി, സബ് ട്രഷറി എരുമേലി, സബ് ട്രഷറി ആലുവ, സബ് ട്രഷറി നോർത്ത് പറവൂർ, സബ് ട്രഷറി മണലൂർ, അഡീഷണൽ സബ് ട്രഷറി തൃശ്ശൂർ, സബ് ട്രഷറി പയ്യോളി, സബ് ട്രഷറി കുരാച്ചുണ്ട്, പെൻഷൻ പെയ്മെന്റ് സബ് ട്രഷറി തലശ്ശേരി എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

നാലാം ഘട്ട ട്രഷറി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 9,06,58,229/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ TIDP മൂന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച വിവിധ ട്രഷറി കെട്ടിടങ്ങളുടെ 60,86,278/- രൂപയുടെ കുടിശ്ശികയും തീർപ്പാക്കിയിട്ടുണ്ട്.

(ധനകാര്യ(എസ്റ്റാ-സി) വകുപ്പിന്റെ 18.07.2026-ലെ 3305041/എസ്റ്റാ-സി3/123/2025-ധന)

ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം

ഖണ്ഡിക – 11

2408-01-101-94-03-33--റേഷൻ സബ്സിഡി – റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ–സബ്സിഡികൾ

അന്തർ സംസ്ഥാന റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ അനുബന്ധ ചെലവിനത്തിൽ മൊത്തം 464.65 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 261 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. അതിനാൽ ഈ ശീർഷകത്തിൽ 203.65 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റേഷൻ വിതരണത്തിന്റെ ഗതാഗത കൈകാര്യ ചെലവുകൾ 3 ഇനങ്ങളിലായിട്ടാണ് നൽകി വരുന്നത്.

(1) കേന്ദ്ര-സംസ്ഥാന വിഹിതം (2408-01-101-92-02 (PV)) (ഇത് നേരിട്ട് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.)

(2) അധിക സംസ്ഥാന വിഹിതം (2408-01-101-92-03 (PV))

(3) Non-NFSA വിഹിതം (2408-01-101-94-03-33 (NP))

2025-2026 സാമ്പത്തിക വർഷത്തിൽ മേൽ മൂന്ന് ഇനങ്ങൾക്കായി 2408-01-101-94-03-33(NP) ശീർഷകത്തിൽ 261 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

2408-01-101-94-03-33 റേഷൻ സബ്സിഡി - റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ - സബ്സിഡികൾ

2025-2026 വർഷത്തിൽ റേഷൻ വിതരണത്തിന്റെ ഗതാഗത കൈകാര്യ ചെലവുകൾ നിർവഹിക്കുന്നതിനായി 2408-01-101-94-03-33 NP ശീർഷകത്തിൽ വകയിരുത്തിയ 261 കോടി രൂപയിൽ നിന്നും ചുവടെ പറയും പ്രകാരമുള്ള തുകകൾ ധനപുനർവിനിയോഗം മുഖേന (GO(Rt) No.4259/2025/Fin dtd 09.05.2025) ഇതുമായി ബന്ധപ്പെട്ട മറ്റ് ശീർഷകങ്ങളിലേക്ക് വകമാറ്റിയിരുന്നു.

2408-01-101-92-02(PV) സംസ്ഥാന വിഹിതം - 64 കോടി രൂപ

2408-01-101-92-03(PV) അധിക സംസ്ഥാന വിഹിതം - 120 കോടി രൂപ

2408-01-101-94-03-33 NP ശീർഷകത്തിൽ ശേഷിച്ചത് - 77 കോടി രൂപ

ഗതാഗത കൈകാര്യ ചെലവുകൾ മേൽ പറഞ്ഞിട്ടുള്ള മൂന്ന് ശീർഷകങ്ങളിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

കേന്ദ്ര+സംസ്ഥാന വിഹിതം

കേന്ദ്ര+സംസ്ഥാന വിഹിതം തുകകൾ 2408-01-101-92-02(PV) ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

ധനപുനർവിനിയോഗം മുഖേന വകയിരുത്തിയ തുക – 64 കോടി രൂപ

അധിക ധനാനുമതിയായി വകയിരുത്തിയ തുക – 1.40 കോടി രൂപ

2026 ഫെബ്രുവരി മാസം വരെയുള്ള പ്രവർത്തികൾക്ക് ചെലവഴിച്ച തുക – 65.0766612 കോടി രൂപ

അധിക സംസ്ഥാന വിഹിതം

അധിക സംസ്ഥാന വിഹിതം തുകകൾ 2408-01-101-92-03(PV) ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

ധനപുനർവിനിയോഗം മുഖേന വകയിരുത്തിയ തുക – 120 കോടി രൂപ

അധിക ധനാനുമതിയായി വകയിരുത്തിയ തുക – 99.0674400

2025 ഒക്ടോബർ മാസം വരെയുള്ള പ്രവർത്തികൾക്ക് ചെലവഴിച്ച തുക – 207.6398333 കോടി രൂപ

2025 നവംബർ മാസത്തെ ചെലവിനത്തിൽ 11.4222449 കോടി രൂപ (GO(Rt) No.96/2026/F&CS dt 21.03.2026) നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചുവെങ്കിലും

സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ബില്ലുകൾ മാറിയിരുന്നില്ല.

നോൺ-എൻ.എഫ്.എസ്.എ വിഹിതം

നോൺ-എൻ.എഫ്.എസ്.എ വിഹിതം തുകകൾ 2408-01-101-94-03-33 NP ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

ധനപുനർവിനിയോഗത്തിന് ശേഷം ശേഷിച്ച – 77 കോടി രൂപ

അധിക ധനാനുമതിയായി വകയിരുത്തിയ തുക – 36.5303000 കോടി രൂപ

2025 ഒക്ടോബർ മാസം വരെയുള്ള പ്രവർത്തികൾക്ക് ചെലവഴിച്ച തുക - 108.4572731 കോടി രൂപ

2025 നവംബർ മാസത്തെ ചെലവിനത്തിൽ 5.0730269 കോടി രൂപ (GO(Rt) No.95/2026/F&CS dt 21.03.2026) നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചുവെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ബില്ലുകൾ മാറിയിരുന്നില്ല. ഇപ്രകാരം മേൽ ഇനങ്ങളിൽ അധികധനാനുമതിക്കു പുറമേ 2025-2026 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥന, അന്തിമഘട്ട ഉപധനാഭ്യർത്ഥന എന്നിവ മുഖേനയും മേൽ ഇനങ്ങളിൽ അധിക ധനാനുമതി അനുവദിക്കുവാൻ ശിപാർശ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ചിരുന്നില്ല.

(ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ 03.08.2026-ലെ ഭ.പൊ.വി.വ-ബി3/138/2025-ഭ.പൊ.വി.വ)

ഖണ്ഡിക – 13

2408-01-102-96 – വിശപ്പ് രഹിത കേരളം

നിർദ്ധനരായിട്ടുള്ളവർക്ക് ദിനം പ്രതി ഒരു നേരം 20 രൂപ നിരക്കിലും അതിന് കഴിയാത്തവർക്ക് സൗജന്യമായും ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-2018 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി, 2025-26 സാമ്പത്തിക വർഷത്തോടെ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനായി നിലവിലുള്ള സുഭിക്ഷ ഹോട്ടലുകൾക്ക് പുറമെ കൂടുതൽ ഹോട്ടലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-2026 സാമ്പത്തിക വർഷത്തെ അന്തിമഘട്ട ഉപധനാഭ്യർത്ഥന മുഖേന 2409-01-102-96 ശീർഷകത്തിൽ 1 കോടി രൂപ അധികധനാനുമതിയായി അനുവദിക്കുവാൻ ശിപാർശ ധനകാര്യ വകുപ്പിന് നൽകിയിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. പ്രസ്തുത ശീർഷകത്തിൽ ധന പുനഃവിനിയോഗം (RE-APPROPRIATION) വഴി 30 ലക്ഷം രൂപ കൂടി അനുവദിച്ചുവെങ്കിലും സാമ്പത്തിക വർഷം അവസാനമായതിനാൽ തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല.

(ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പിന്റെ 11.08.2026-ലെ FCSD-D1/73/2025-FCSD)

ഖണ്ഡിക – 16

3456-00-001-78 -- ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

2025-26 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക Capacity building/Workshop/Training for various Software Components, Mobile APP/Web Portal Development, K FON Implementation and other expenses, പൊതുവിതരണ വകുപ്പിന്റെ റേഷൻ കാർഡ് വിവരങ്ങൾ സൂക്ഷിക്കുന്ന പ്രധാന server-ന്റെ warranty കാലയളവ് കഴിഞ്ഞതിനാൽ AMC ഏർപ്പെടുത്തൽ, ബയോമെട്രിക് ഡിവൈസസ് ആൻഡ് ഈപോസ് മെഷീൻസ് എന്നീ പദ്ധതി ഘടകങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 13.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ഈ ശീർഷകത്തിലാണ് വകയിരുത്തി വന്നിരുന്നത്. 3456-00-001-78-PV റവന്യൂ ശീർഷകത്തിന് കീഴിൽ വരുന്ന 34-03, 91, 99 എന്നീ ഉപശീർഷകങ്ങളിലായി വകയിരുത്തിയിട്ടുള്ളത്. ടി 3 ഉപശീർഷകങ്ങളിലായി വകയിരുത്തിയിട്ടുള്ള 31.71 കോടി രൂപ, ബയോമെട്രിക് ഡിവൈസസ് ആൻഡ് ഈപോസ് മെഷീനുകൾ, സോഷ്യൽ ആഡിറ്റ്, എസ്.എം.എസ് ചെലവ്, കപ്പാസിറ്റി ബിൽഡിങ് വർക്ഷോപ്പ്, ഇൻഫോർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (IEC), എമർജൻസി റിലീഫ് ഫണ്ട്, റേഷൻ ഷോപ്പുകൾക്ക് സ്ഥല സൗകര്യം വർധിപ്പിക്കുന്നതിനുള്ള സഹായം, സഞ്ചരിക്കുന്ന റേഷൻ കട, ഐ.റ്റി ഇൻഡിപെൻഡൻസ്, പിഡിഎസ് സർവറിന്റെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്, ഈ പോസ് മെഷീൻ ഇലക്ട്രോണിക് വേയിങ് സ്കെയിലുമായി ബന്ധിപ്പിക്കൽ എന്നീ പദ്ധതി ഘടകങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നതിനാണ് അനുവദിച്ചിരുന്നത്.

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന ₹31.71 കോടി രൂപയിൽ ₹31.70 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. ആയതിൽ ചെലവായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

HOA	Original Grant (Cr)	Reappro-priation (Cr)	Total Appropriation (Cr)	Net Expend iture	Balance (Cr)
3456-00-001-78-00-34-03-P-V	30.47	0.30	30.17	8.48	21.69
3456-00-001-78-00-91-00-P-V	0.25	0	0.25	0.15	0.10
3456-00-001-78-00-99-00-P-V	0.99	0	0.99	0.61	0.38
Total	31.71	0.30	31.41	9.24	22.17

Capacity building/Workshop/Training for various Software Components എന്ന പദ്ധതി ഘടകത്തിൽ 2025-2026 സാമ്പത്തിക വർഷം 8.36 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 20,609/- രൂപ ചെലവഴിച്ചു.

Mobile App/Web Portal Development, K FON implementation and other expenses എന്ന പദ്ധതി ഘടകത്തിൽ 2025-2026 സാമ്പത്തിക വർഷം 58.59 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 21.393 ലക്ഷം രൂപ ചെലവഴിച്ചു. K FON കണക്ഷൻ 22 ഓഫീസുകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

പൊതുവിതരണ വകുപ്പിന്റെ റേഷൻ കാർഡ് വിവരങ്ങൾ സൂക്ഷിക്കുന്ന പ്രധാന server-ന്റെ warranty കാലയളവ് കഴിഞ്ഞതിനാൽ AMC ഏർപ്പെടുത്തുന്നതിന് 1 കോടി രൂപ വകയിരുത്തുവാൻ സമിതി മുമ്പാകെ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും AMC

purchase നടപടികൾ പൂർത്തീകരിക്കാത്തതിനാൽ അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിച്ചില്ല.

ബയോമെട്രിക് ഡിവൈസസ് ആന്റ് ഇപോസ് മെഷീൻസ് എന്ന പദ്ധതി ഘടകത്തിൽ 2025-2026 സാമ്പത്തിക വർഷം 17.4632 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 8.2693 കോടി രൂപ ചെലവഴിച്ചു. ഇ-പോസ് മെഷീന്റെ AMC യുമായി ബന്ധപ്പെട്ട് 25/03/2026-ലെ G.O.(Rt) No.100/2026/F&CS പ്രകാരം 3,07,27,576/- രൂപ 3456-00-001-78-00-34-03 (P)(V) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായെങ്കിലും സാമ്പത്തിക വർഷം അവസാനമായതിനാൽ പ്രസ്തുത തുക ചെലവഴിക്കുവാൻ സാധിച്ചിരുന്നില്ല. 2025-2026 സാമ്പത്തിക വർഷത്തിലെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥന മുഖേനയും അന്തിമഘട്ട ഉപധനാഭ്യർത്ഥന മുഖേനയും പ്രസ്തുത പദ്ധതി ഘടകത്തിനായി 8.1 കോടി രൂപ അധിക ധനാനുമതി അനുവദിക്കുവാൻ ശിപാർശ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ചിരുന്നില്ല.

(ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ 03.08.2026-ലെ ഭ.പൊ.വി.വ-ബി3/138/2025-ഭ.പൊ.വി.വ)

ഖണ്ഡിക - 17

3456-00-001-77 -- പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം.

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 77 താലൂക്ക് സപ്ലൈ ആഫീസുകളുടെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഈ ശീർഷകത്തിൽ 2025-26 വർഷത്തേക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും വകുപ്പിലെ 54 വാഹനങ്ങൾ 15 വർഷ കാലാവധി നിയന്ത്രണം മൂലം കാലഹരണപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ

ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-2026 സാമ്പത്തിക വർഷത്തിൽ 3456-00-001-77-00-21-01 (PV) – Purchase of Vehicles എന്ന പദ്ധതി ഘടകത്തിനായി 1,53,84,000/- ലക്ഷം രൂപയും (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി എൺപത്തി നാലായിരം രൂപ മാത്രം), 3456-00-001-77-00-99-00(PV) – Information Technology എന്ന പദ്ധതി ഘടകത്തിനായി 46,16,000/- രൂപയും (നാല്പത്തിയാറ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) ഉൾപ്പെടെ 3456-00-001-77 മേജർ ശീർഷകത്തിൽ ആകെ 2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ആയതിൽ Information Technology എന്ന പദ്ധതി ഘടകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 46.10 ലക്ഷം രൂപയിൽ 1,62,054/- രൂപ (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി അൻപത്തിനാല് രൂപ മാത്രം) നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, Purchase of vehicles എന്ന പദ്ധതി ഘടകത്തിനായി അനുവദിച്ചിട്ടുള്ള തുകയായ 1,53,8400/- രൂപ (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) വിനിയോഗിച്ച് 16 വാഹനങ്ങൾ GeM മുഖാന്തിരം വാങ്ങുന്നതിന് അനുമതി നൽകിയ 04/08/2025-ലെ സ.ഉ.(സാധാ)നം.268/2025/F&CS ഉത്തരവ് റദ്ദാക്കി വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതാണ് എന്ന് സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

പ്രസ്തുത തുക ചെലവഴിച്ച് കഴിഞ്ഞതിനു ശേഷം സമിതിയുടെ ശിപാർശ പ്രകാരം ആവശ്യമെങ്കിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 2 കോടി രൂപ ധന പുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി

ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സമിതി മുൻപാകെ സമർപ്പിക്കുന്നു.

(ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്റെ 10.12.2025-ലെ FCSD-A3/164/2025-FCSD)

ഖണ്ഡിക - 19

3456-00-001-74 -- പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ (IMPDS) സംയോജിത മാനേജ്മെന്റ് (100% സി.എസ്.എസ്)

IMPDS പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക തിരിച്ചടയ്ക്കുന്നതിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള അവസാനഘട്ട ഇൻസ്റ്റാൾമെന്റ് കൈമാറുന്നതിനായി 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

IMPDS പദ്ധതിയുടെ അവസാനത്തെ ഇൻസ്റ്റാൾമെന്റ് തുകയായ 26,56,198/- രൂപ വിട്ടു കിട്ടുന്നതിനായി ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമായതിന് ശേഷം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ 19/03/2024-ലെ F&CSD-B1/58/2022-F&CSD നം.കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 31/03/2023-ന് IMPDS പദ്ധതി അവസാനിച്ച സാഹചര്യത്തിൽ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കാൻ കഴിയില്ല എന്ന് 02/04/2024-ലെ F.No.24/Kerala/2018-Comp.Cell നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ 01.11.2025-ലെ ഭ.പൊ.വി.വ-ബി3/138/2025-ഭ.പൊ.വി.വ)

ഖണ്ഡിക – 20

4408-01-101-92 -- ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക Weighing Machine Generator & Computers, CCTV for NFSA Godowns, ICT infrastructure and connectivity-Various offices including Commissionerate of Civil Supplies എന്നീ പദ്ധതി ഘടകങ്ങൾക്ക് അപര്യാപ്തമായതിനാൽ 5.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേന 4408-01-101-92 (PV) ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിക്കുവാൻ ശിപാർശകൾ ധനകാര്യ വകുപ്പിന് നൽകിയിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. 2025-2026 സാമ്പത്തിക വർഷം, 4408-01-101-92 (PV) ശീർഷകത്തിൽ അനുവദിച്ച 3.37 കോടി രൂപയിൽ 1,16,00,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പിന്റെ 05.09.2026-ലെ FCSD-D2/109/2025-FCSD)

ഖണ്ഡിക – 21

4408-01-103-99 -- കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

College of Indigenous Food Technology-ൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും, കോളേജിന്റെ നിലവാരം രാജ്യാന്തര തലത്തിലേക്ക് ഉയർത്തുന്നതിനുമായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അന്തിമ ഘട്ട ഉപധനാഭ്യർത്ഥന മുഖേന 4408-01-103-99 ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിക്കുവാൻ ശിപാർശ ധനകാര്യവകുപ്പിന് നൽകിയിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. 2025-2026 സാമ്പത്തിക വർഷം, 4408-01-103-99 ശീർഷകത്തിൽ അനുവദിച്ച 1.3 കോടി രൂപയിൽ നിന്നും 45,50,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടില്ലായെന്നു കൂടി അറിയിക്കുന്നു.

(ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പിന്റെ 11.08.2026-ലെ FCSD-D1/73/2025-FCSD)

അധ്യായം II

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

വകുപ്പ്	ശിപാർശ/ഖണ്ഡികകൾ
സഹകരണം	1, 2
ഉപഭോക്തൃകാര്യം	3,4,5,6,7,9
ഭക്ഷ്യ-പൊതുവിതരണം	10,12,14,15,18

അനൂപ് ജേക്കബ്,

തിരുവനന്തപുരം, ചെയർപേഴ്സൺ,
2026 ഒക്ടോബർ 13. സബ്ജക്ട് കമ്മിറ്റി XI.